**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ.1191 — 06.02.2020 -ൽ മറുപടിയ്ക്ക്.

## ഓൺലൈനിൽ ആധാരങ്ങളുടെ അസ്സൽ പകർപ്പ്

| **ചോദ്യം**<br>**ശ്രീ.മോൻസ് ജോസഫ്**<br>**,, സി.എഫ്.തോമസ്** | **ഉത്തരം**<br>**ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
|---|---|

| | | | |
|---|---|---|---|
| (എ) | ആധാരങ്ങളുടെ അസ്സൽ പകർപ്പ് ഓൺലൈനിൽ ലഭ്യമാക്കുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ആധാരങ്ങളുടെ അസ്സൽ പകർപ്പ് ഓൺലൈനിൽ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ടുള്ള സോഫ്റ്റ് വെയർ പരിഷ്കരണത്തിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | ഓൺലൈനിൽ ആധാരങ്ങളുടെ പകർപ്പ് ആവശ്യപ്പെടുന്നതിന്റെ നടപടിക്രമങ്ങൾ വ്യക്തമാക്കുമോ; | (ബി) | നിലവിൽ www.keralaregistration.gov.in എന്ന വെബ് സൈറ്റിലെ 'ഓൺലൈൻ അപേക്ഷകൾ' എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന വെബ് പേജിലെ certificates എന്ന മെനുവിൽ നിന്നും ആധാരങ്ങളുടെ പകർപ്പിനുള്ള (certified copy) ഓൺലൈൻ അപേക്ഷാഫോം ലഭിക്കുന്നതാണ്. പ്രസ്തുത അപേക്ഷാഫോം പൂരിപ്പിച്ച് ഓൺലൈനായി സബ്മിറ്റ് ചെയ്യുന്നതോടൊപ്പം അപേക്ഷാഫീസും, തെരച്ചിൽ ഫീസും ഓൺലൈനായി അടയ്ക്കാവുന്നതാണ്. ആധാരം തെരഞ്ഞ് കണ്ടുപിടിച്ചശേഷം ആധാരത്തിന്റെ പകർപ്പിനുള്ള ഫീസ് ഓഫീസിൽ നേരിട്ട് അടച്ച് പകർപ്പ് ഓഫീസിൽ നിന്നും നേരിട്ട് കൈപ്പറ്റേണ്ടതാണ്. |
| (സി) | പ്രമാണങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭിക്കുന്നതിൽ ഇടനിലക്കാരുടെ ഇടപെടൽ അവസാനിപ്പിക്കുന്നതിന് | (സി) | പ്രമാണങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭിക്കുന്നതിനായി ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള സംവിധാനവും, തെരച്ചിൽ ഫീസ് ഓൺലൈനായി ഒടുക്കുന്നതിനുള്ള സംവിധാനവും |

| | | | |
|---|---|---|---|
| | നടത്തിയ നടപടികൾ വ്യക്തമാക്കാമോ; | | ഏർപ്പെടുത്തുകയുണ്ടായി. ആധാരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഡിജിറ്റൽ ഒപ്പോടുകൂടി ഓൺലൈനായി തന്നെ ഡൗൺലോഡ് ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പ്രസ്തുത സംവിധാനം നിലവിൽ വരുന്നതോടെ അപേക്ഷകർക്ക് ഇടനിലക്കാരുടെ സഹായമില്ലാതെ ആധാരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഓൺലൈനായി ഡൗൺലോഡ് ചെയ്യുന്നതിന് സാധിക്കുന്നതാണ്. |
| (ഡി) | ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതോടൊപ്പം പോക്കുവരവ് നടത്തി കിട്ടുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ഡി) | ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതോടൊപ്പം പോക്കുവരവ് നടത്തി കിട്ടുന്നതിനായി ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കിയിട്ടുണ്ട്. രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായ ആധാരത്തിന്റെ ഡിജിറ്റൽ പകർപ്പ് ഓൺലൈനായി ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ലഭ്യമാക്കുകയും, വില്ലേജ് ഓഫീസിൽ നിന്നും വില്ലേജിലെ രേഖകളും രജിസ്റ്റർ ചെയ്ത ആധാരവും പരിശോധിച്ച് പോക്ക് വരവ് നടപടികൾ പൂർത്തിയാക്കുകയും ചെയ്യുന്നു. |
| (ഇ) | ആധാരമെഴുത്തുകാരിൽ നിന്നും പകർപ്പ് വാങ്ങി സൂക്ഷിക്കുന്ന രീതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഇ) | ആധാരമെഴുത്തുകാരിൽ നിന്നും പകർപ്പ് വാങ്ങി സൂക്ഷിക്കുന്ന രീതി നിലവിലില്ല. എന്നാൽ രജിസ്ട്രേഷനായി ആധാരം ഹാജരാക്കുമ്പോൾ നിശ്ചിത മാതൃകയിലുള്ള ഫയലിംഗ് ഷീറ്റിൽ തയ്യാറാക്കിയ ആധാരത്തിന്റെ പകർപ്പ് ഓഫീസിൽ സൂക്ഷിക്കുന്നുണ്ട്. യഥാർത്ഥ ആധാരം രജിസ്ട്രേഷനു ശേഷം തിരികെ നൽകുകയും ഫയലിംഗ് ഷീറ്റ് ഓഫീസിൽ സൂക്ഷിക്കുകയുമാണ് ചെയ്യുന്നത്. പ്രസ്തുത രീതി അവസാനിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**